

THURSDAY

24/07/2025

വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: SINDHU. KS** **Editor: Dr. V. Krishnadas**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 24/07/2025

1. സംസ്ഥാനതല കർഷക അവാർഡ് 2024- അപേക്ഷകൾ കൃഷി ഭവനിൽ സ്വീകരിക്കേണ്ട അവസാന തീയതി 23/07/2025 ൽ നിന്നും 25/07/2025 വരെ നീട്ടിയതായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അറിയിച്ചു.

2. സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 2024 വർഷത്തിൽ കാർഷിക മേഖലയിലെ വിവിധ രംഗങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചവർക്ക് അവാർഡുകളും സമ്മാനങ്ങളും നൽകുന്നതിന് അപേക്ഷകൾക്ഷണിച്ചിട്ടുണ്ട്. ആയതു പ്രകാരം, മാധ്യമരംഗത്തെ മികവിനെ പ്രോത്സാഹിപ്പിക്കുന്നതിന് നൽകി വരുന്ന കർഷക ഭാരതി അവാർഡിലേക്ക് നോമിനേഷനുകൾ ക്ഷണിച്ചു. മലയാള ഭാഷയിലൂടെ കാർഷിക മേഖലയക്ക് വിലപ്പെട്ട സംഭാവനകള് നൽകുന്ന തരത്തിൽ മാധ്യമ പ്രവർത്തനം നടത്തിയ മികച്ച ഫാം ജേർണലിസ്റ്റിനാണ് അവാർഡ് നൽകുന്നത്. അതാത് വ്യക്തികളുടെ നാമനിർദ്ദേശം മാത്രമേ പരിഗണിക്കുകയുള്ളൂ. ഗവേഷണ പ്രസിദ്ധീകരണങ്ങൾ പരിഗണിക്കുകയില്ല. അച്ചടി മാധ്യമം, ദൃശ്യ മാധ്യമം, നവ മാധ്യമം, ശ്രവ്യ മാധ്യമം എന്നിങ്ങനെ നാല് വിഭാഗങ്ങളിലായിട്ടാണ് കർഷക ഭാരതി അവാർഡ് നൽകുന്നത്. കർഷക ഭാരതി അവാർഡ് നോട്ടിഫിക്കേഷൻ തീയതിയായ 19.07.2025 മുതൽ പുറകോട്ട് ഒരു വർഷത്തെ പ്രസ്തുത മേഖലയിലെ സംഭാവനകളാണ് പ്രധാനമായും പരിഗണിക്കുന്നത്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിശദാംശങ്ങൾ www.keralaagriculture.gov.in എന്ന കൃഷി വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 28.07.2025. അപേക്ഷകൾ 'പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം-3' എന്ന വിലാസത്തിൽ അയക്കണം. നോമിനേഷനുകൾ അയയ്ക്കുന്ന കവറിന് പുറത്ത് 'കർഷക ഭാരതി അവാർഡ് 2024 ഏതു വിഭാഗം' എന്നത് പ്രത്യേകം രേഖപ്പെടുത്തണം

3. അസീസിയ ഓർഗാനിക്ക് വേൾഡ് സംഘടിപ്പിക്കുന്ന ജൈവ ഭക്ഷ്യ ഉത്പന്നങ്ങളുടെ പ്രദർശന വിപണനമേള ഈ മാസം 25 മുതൽ 30 വരെ പാടിവട്ടം അസീസിയ കൺവൻഷൻ സെന്ററിൽ നടക്കും. തൃശ്ശൂർ പഴുവിൽ സ്ഥിതിചെയ്യുന്ന അസീസിയയുടെ 65 ഏക്കർ ഓർഗാനിക് ഫാമിൽ കൃഷി ചെയ്യുന്ന അൻപത്തിയെട്ടോളം ഉത്പ്പന്നങ്ങൾ പ്രദർശന വിപണനമേളയിൽ ഉണ്ടാകും. ഇതിനു പുറമെ പ്രമുഖ ജൈവ ഉത്പന്നങ്ങളും ജൈവ തൈകളും ലഭ്യമാകും. മത്സ്യകൃഷിയടക്കമുള്ള വിവരങ്ങൾ നല്കാൻ സ്റ്റാളുകൾ, സിമ്പോസിയം എന്നിവയെല്ലാം ജൈവ വിപണനമേളയുടെ ഭാഗമായുണ്ടാകും. കലയും നല്ല ഭക്ഷണ ശീലവും കോർത്തിണക്കിയുള്ള പരിപാടികളാണ് അസീസിയ സംഘടിപ്പിക്കുന്നത്.

4. സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ആഗസ്റ്റ് 6, 7, 8 തീയതികളിൽ രാവിലെ 9 ന് ഇടുക്കി ജില്ലയിലെ കർഷകരുടെ സിറ്റിംഗ് നടത്തുന്നു. ഇടുക്കി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ചെറുതോണിയിലെ ജില്ലാ വ്യാപാര ഭവനിൽ നടക്കുന്ന സിറ്റിംഗിൽ ചെയർമാൻ ജസ്റ്റിസ് (റിട്ട.) കെ. അബ്രഹാം മാത്യുവും കമ്മീഷൻ അംഗങ്ങളും പങ്കെടുക്കും. ഹിയറിംഗിന് ഹാജരാകുവാൻ നോട്ടീസ് ലഭിച്ചവർ ആവശ്യമായ രേഖകൾ സഹിതം കൃത്യ സമയത്ത് ഹാജരാകണം.

**പരിശീലന പരിപാടി**

1. അമ്പലവയലിനെ Avocado City ആയി പ്രഖ്യാപിക്കാനുള്ള നടപടികളുമായി Regional Agriculture Research Station (RARS)ഉം Wayanad Hill Farmers Producers' Company (WHFPC)യും കിസാൻ സർവ്വീസ് സൊസൈറ്റി, അമ്പലവയൽ ഗ്രാമ പഞ്ചായത്ത്, വ്യാപാരി വ്യവസായി ഏകോപന സമതി അമ്പലവയൽ, സംയുക്തമായി ജൂലൈ 30, 31 തീയതികളിൽ അമ്പലവയലിൽ വച്ചുനടത്തുന്ന അവക്കാഡോയും കൃഷിരീതികളും വിപണനവും എന്ന വിഷയത്തിൽ തെന്നിന്ത്യാ അടിസ്ഥാനത്തിൽ നടത്തുന്ന പരിപാടിക്ക് പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് https://forms.gle/5MGSv88M44A1rv3j8 എന്ന Link ഉപയോഗിച്ച് Register ചെയ്യാവുന്നതാണ്. കൃഷിരീതികൾക്കുള്ള Help Deskഉം ഉൽപ്പന്നങ്ങൾ കൂട്ടുതലും കയറ്റുമതിചെയ്യുന്നതുകൊണ്ട് ഇന്ന് വിപണിയിൽ ലഭിക്കുന്ന വിലയുടെ നാലോ അഞ്ചോ ഇരട്ടിയിലധികം കർഷകന് ലഭ്യമാവുന്നരീതിയിലാണ് പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്. രണ്ടുദിവസത്തെ ഉച്ചഭക്ഷണമടക്കമുള്ള സൗകര്യങ്ങളും വിശദമായ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൃഷിരീതികളടങ്ങുന്ന kitഉം ബന്ധപ്പെട്ട ശാസ്ത്രജ്ഞന്മാരുമായുള്ള സംവാദവും ഭാവിയിലേക്കുള്ള ഉപദേശങ്ങളും ഇവരിൽനിന്നും ലഭ്യമാകുന്ന രീതിയിലാണ് പരിപാടികൾ. Avocado ഉപയോഗിച്ചുള്ള വിവിധഭക്ഷണങ്ങൾ ഉണ്ടാക്കാനുള്ള മത്സരങ്ങളും ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9447445276, 95447769363.

2. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ “പശു വളർത്തൽ" എന്ന വിഷയത്തിൽ 26/07/2025 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ അടിസ്ഥാന പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491-2815454, എന്ന നമ്പറിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലന സമയത്ത് ആധാർ കാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

3. ഐ സി എ ആർ കൃഷി വിജ്ഞാനകേന്ദ്രം മിത്രനികേതൻ ഡ്രിപ് ഇറിഗേഷൻ സിസ്റ്റം പരിശീലനം സംഘടിപ്പിക്കുന്നു. വെള്ളനാട് പ്രവർത്തിക്കുന്ന മിത്രനികേതൻ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഡ്രിപ് ഇറിഗേഷൻ സിസ്റ്റം എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ 2025 ജൂലൈ 26 ന് വൈകിട്ട് 5 മണിക്ക് മുൻപായി 9400288040 എന്ന നമ്പറിൽ വിളിച്ചു രജിസ്റ്റർ ചെയ്യുക. വാട്സ്ആപ്പ്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

സന്ദേശത്തിൽ കൂടിയും രജിസ്റ്റർ ചെയ്യാവുന്നതുമാണ് . ക്ലാസ്സ് 2025 ജൂലൈ മാസം 28 ന് രാവിലെ 9.30 മണിക്ക് നടത്തുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 കർഷകർക്ക് ആയിരിക്കും പരിപാടിയിൽ പങ്കെടുക്കുവാൻ സാധിക്കുക

4. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ പോത്ത്/പോത്ത് കുട്ടി വളർത്തൽ പരിശീലനം ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി പരിശീലന വിഭാഗത്തിൽ ജൂലൈ 25ന് രാവിലെ 10 മണി മുതൽ വൈകുന്നേരം അഞ്ച് മണി വരെ 'പോത്ത്/പോത്ത് കുട്ടി വളർത്തൽ' എന്ന വിഷയത്തിൽ കർഷകർക്കായി സൗജന്യ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ സെൻട്രൽ ഹാച്ചറി പരിശീലന വിഭാഗവുമായി നേരിട്ടോ 0479 2452277, 0479 2457778 എന്നീ ഫോൺ നമ്പറുകൾ വഴിയോ ബന്ധപ്പെട്ട് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം.

<u>കാർഷിക നിർദേശം</u>

5. നെല്ല് – ബ്ലാസ്റ്റ് രോഗം

നെല്ലിൽ കാണുന്ന ബ്ലാസ്റ്റ് രോഗത്തെ പ്രതിരോധിക്കാനായി 1.5 മില്ലി. ഫ്യൂജിയോൺ 1 ലിറ്റർ വെള്ളത്തിൽ എന്നതോതിൽ തളിക്കുക. അല്ലെങ്കിൽ ഒരു മില്ലി ഐസോപ്രൊതയാലിൻ 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തളിക്കുക. അല്ലെങ്കിൽ 4 ഗ്രാം ട്രൈഫ്ലോക്സിസ്ട്രോബിൻ + ടെബുകോണാസോൾ 10 ലിറ്റർ വെള്ളത്തിൽ എന്നതോതിൽ തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം